E3/164/2023-G.Edn

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - എം.എസ്.സി സ്കൂൾസ് മാനേജ്മെന്റിന് കീഴിലെ കറ്റാനം പോപ്പ് പയസ് എച്ച്.എസ്.എസ്, ചേപ്പാട് സി.കെ എച്ച്.എസ്.എസ് - നേരിട്ടുള്ള അധ്യാപക നിയമനം - സർക്കാർ പ്രതിനിധിയെ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.5411/2023/GEDN തീയതി,തിരുവനന്തപുരം, 23-09-2023

---

പരാമർശം:-
1) സ.ഉ(സാധാ) നം. 4153/2023/പൊ.വി.വ തീയതി 18/07/2023
2) 22/07/2023 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ HSE/303470/2023-Acd C1 നമ്പർ കത്ത്
3) 09/05/2023 തീയതിയിലെ ചെങ്ങന്നൂർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 1537/സി3/2023/ആർഡിഡി/സിഎൻജിആർ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എം.എസ്.സി സ്കൂൾസ് മാനേജ്മെന്റിന് കീഴിലെ കറ്റാനം പോപ്പ് പയസ് എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (കമ്പ്യൂട്ടർ സയൻസ്), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (കോമേഴ്സ്) തസ്തികകളിലേക്കും, ചേപ്പാട് സി.കെ എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (ഫിസിക്സ്), എച്ച്.എസ്.എസ്.റ്റി (കെമിസ്ട്രി), എച്ച്.എസ്.എസ്.റ്റി (എക്കണോമിക്സ്), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ബോട്ടണി), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഇംഗ്ലീഷ്), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (മലയാളം), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (സുവോളജി), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഹിന്ദി), എച്ച്.എസ്.എസ്.റ്റി (കോമേഴ്സ്) തസ്തികകളിലേക്കും നേരിട്ടുള്ള അധ്യാപക നിയമനത്തിന് സർക്കാർ പ്രതിനിധിയായി നിയമ വകുപ്പ്, ജോയിന്റ് സെക്രട്ടറി, ശ്രീ ഷിബു തോമസിനെ അനുവദിക്കുന്നതിനായുള്ള അപേക്ഷ പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ചേപ്പാട്, സി.കെ എച്ച്.എസ്.എസ് എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഹിന്ദി) തസ്തികയും എച്ച്.എസ്.എസ്.റ്റി (ഫിസിക്സ്) തസ്തികയും ഭിന്നശേഷിക്കാർക്കായി നീക്കി വച്ചിട്ടുണ്ടെന്നും സ്റ്റാഫ് ഫിക്സേഷൻ പ്രകാരം തസ്തികകൾ ഉള്ളതായും പരാമർശം (3) പ്രകാരം ചെങ്ങന്നൂർ മേഖല ഉപമേധാവി റിപ്പോർട്ട് ചെയ്തു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. സർക്കാർ പ്രതിനിധിയായി മാനേജർ നിർദേശിച്ചിരിക്കുന്ന ശ്രീ. ഷിബു തോമസ്, 2023-24 അക്കാദമിക വർഷത്തെ അധ്യാപക നിയമനവുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റികളിൽ സർക്കാർ പ്രതിനിധികളായി

അംഗീകരിച്ച പരാമർശം (1) ഉത്തരവിൽ ക്രമനമ്പർ 7 ആയി പേര് ഉൾപ്പെട്ടുള്ള വ്യക്തിയാണ്. അഞ്ചിൽ കൂടുതൽ സ്കൂളുകളിൽ സർക്കാർ പ്രധിനിധിയായി ഈ അധ്യയന വർഷം പങ്കെടുത്തിട്ടില്ല എന്ന് ശ്രീ. ഷിബു തോമസ് ഡിക്ലറേഷൻ സർക്കാരിൽ സമർപ്പിട്ടുമുണ്ട്.

3. മേൽ സാഹചര്യത്തിൽ എം.എസ്.സി സ്കൂൾസ് മാനേജ്മെന്റിന് കീഴിലെ കറ്റാനം പോപ്പ് പയസ് എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (കമ്പ്യൂട്ടർ സയൻസ്), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (കോമേഴ്സ്) തസ്തികകളിലേക്കും, ചേപ്പാട് സി.കെ എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി (ഫിസിക്സ്), എച്ച്.എസ്.എസ്.റ്റി (കെമിസ്ട്രി), എച്ച്.എസ്.എസ്.റ്റി (എക്കണോമിക്സ്), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ബോട്ടണി), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഇംഗ്ലീഷ്), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (മലയാളം), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (സുവോളജി), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഹിന്ദി), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (കോമേഴ്സ്) തസ്തികകളിലേക്കും നേരിട്ടുള്ള അധ്യാപക നിയമനത്തിന് സർക്കാർ പ്രതിനിധിയായി ഗവൺമെന്റ് സെക്രട്ടറിയേറ്റ് നിയമ വകുപ്പ്, ജോയിന്റ് സെക്രട്ടറി, ശ്രീ. ഷിബു തോമസിനെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പ്രസ്തുത തസ്തികകളുടെ സാധുതയും ലഭ്യതയും സർക്കാർ പ്രതിനിധി ഉറപ്പാക്കേണ്ടതും സെലക്ഷൻ പ്രകിയ സംബന്ധിച്ച് ഇന്റർവ്യൂ തീയതി മുതൽ 15 ദിവസത്തിനകം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

5. കെ.ഇ.ആർ അധ്യായം XXXII ലെ ചട്ടങ്ങൾ, ഭിന്നശേഷി സംവരണം സംബന്ധിച്ച സർക്കാർ നിർദേശങ്ങൾ എന്നിവ പാലിച്ചിട്ടുണ്ടെന്ന് നിയമനാംഗീകാരം നൽകുന്നതിന് മുൻപ് ചെങ്ങന്നൂർ മേഖല ഉപമേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR.D
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കണ്ടറി വിഭാഗം, തിരുവനന്തപുരം.
ശ്രീ. ഷിബു തോമസ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, ചെങ്ങന്നൂർ
കറസ്പോണ്ടന്റ്, എം.എസ്.സി സ്കൂൾസ്, മാവേലിക്കര രൂപത, അമലഗിരി കാത്തലിക് ബിഷപ്പ് ഹൗസ്, പുന്നമൂട്, മാവേലിക്കര - 690101
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Shajahan S
Date: 25-09-2023 10:32:17
സെക്ഷൻ ഓഫീസർ

പകർപ്പ് : പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി